**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 356** **22-02-2022 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി ട്രഷറിക്ക് നഗരസഭയുടെ സ്ഥലം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭയുടെ സ്ഥലം അനുവദിക്കുന്നതുസംബന്ധിച്ച ഫയലിന്റെ (RC1/136/19) നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി നഗരസഭയിലെ തലശ്ശേരി പെൻഷൻ പേയ്മെന്റ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തലശ്ശേരി നഗരസഭയുടെ കൈവശമുള്ള സ്ഥലം കൈമാറുന്നതിന് പ്രസ്തുത ഭൂമി പുനർനിക്ഷിപ്തമാക്കേണ്ടതിനായി കരട് വിജ്ഞാപനം സമർപ്പിക്കുവാൻ 8/10/2021, 22/12/2021ലെ കത്തുകൾ മുഖേന നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കരട് വിജ്ഞാപനം ലഭ്യമായിട്ടില്ല. |
| (ബി) | തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് നഗരസഭയുടെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് ഇതുവരെ എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ആയത് അനുവദിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് നഗരസഭയുടെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ ആവശ്യമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ അവ ലഭ്യമാക്കി റവന്യൂ വകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായം തേടുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പുനർനിക്ഷിപ്തമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ